


# മഷിത്തണ്ട്

## ജി.വി.എച്ച്.എസ്സ്.എസ്സ്.ചിറക്കര

ഇ – മാഗസിൻ

# ജി.വി.എച്.എസ്സ്.എസ്സ്.ചിറക്കര



## ലിറ്റിൽ കൈറ്റ്സ് 2022-2025

## മഷിത്തണ്ട് ഇ-മാഗസിൻ

ഡിജിറ്റലൈസ് ചെയ്യപ്പെട്ട ഒരു
ലോകക്രമത്തിലൂടെ കടന്ന്
പോകുന്നവരാണ് നമ്മൾ.
ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ്
നമ്മുടെ ചിന്താരീതികളിൽ
പോലും സ്വാധീനം
ചെലുത്തിക്കൊണ്ടിരിക്കുന്നു.
വിവരവിനിമയകല കൂടുതൽ
സർഗാത്മകമായിരിക്കുന്നു.
ജി.വി.എച്ച്.എസ്. എസ്
ചിറക്കരയിലെ ഹൈസ്കൂൾ
വിദ്യാർത്ഥികളായ ഞങ്ങളും
പുതിയ കാൽവെപ്പുകളുമായി
വിവരവിനിമയ കലയിൽ
ഉയരത്തിലേക്കുള്ള
പ്രയത്നത്തിലാണ്. ഞങ്ങളുടെ
എളിയ രചനകളും
ആവിഷ്കാരങ്ങളും

# ആശംസകൾ



കെ.വിനോദിനി
HM GVHSS CHIRAKKARA

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു ഹെഡ് മാസ്റ്റർ ജി.വി.എച്.എസ്.എസ് ചിരക്കര.

# തങ്കു മടിച്ചിയായിരുന്നു

കുന്നിൻ ചരുവിലെ കുഞ്ഞിപ്പുഴയുടെ തീരം അവിടെ ഒരു കൊച്ചു കൈതക്കാടുണ്ട്.കൈതക്കാട്ടിലെ കൊച്ചു കൂട്ടിലാണ് കുണുക്കിട്ട കുവക്കോഴിയും തങ്കുകാക്കയും താമസിച്ചിരുന്നത്.കുളക്കോഴി എപ്പോഴും പറയും.തങ്കു നീ മടിച്ചിരുന്നാൽ പറ്റില്ല .നീ ഒരു കൂടുകെട്ടണം.
അതൊന്നും തങ്കുകാക്ക അനുസരിച്ചില്ല. ഒരാഴ്ച്ച



കഴിഞ്ഞു.കുണുക്കിട്ട കുളക്കോഴിക്ക് കുഞ്ഞുങ്ങൾ പിറന്നു.നാല് കുഞ്ഞുങ്ങൾ,കുഞ്ഞുങ്ങൾക്കും, കുളക്കോഴിയും,തങ്കുകാക്കയ്ക്കും കൂടി കൂട്ടിൽ കിടക്കാൻ സ്ഥലമില്ലാതായി.അങ്ങനെ നേരം വെളിപ്പിച്ചു. പിറ്റേന്ന് രാത്രി തങ്കുകാക്ക കുഞ്ഞുങ്ങളെ തള്ളിമാറ്റി. കുറച്ചു സ്ഥലം ഏർപ്പാടാക്കി.കുളക്കോഴികുഞ്ഞുങ്ങളും തുടയിൽ തട്ടി ഉറക്കി. രാത്രിയായി നല്ല കനത്ത മഴയും കാറ്റും,കൂട്ടിനൊരുവശംചോരുന്നുണ്ട്.ചോർന്നൊലിക്കുന്നിടത്താണ് തങ്കു കിടന്നിരുന്നത്.നല്ല കാറ്റുംവന്നു.
കുളക്കോഴി കുഞ്ഞുങ്ങളെ കൊത്തിയെടുത്ത് താഴെ ഇറങ്ങി കൂട് നിലം പതിച്ചു.ഭ്രാന്തിയായ കാക്കനാലുചുറ്റും പറന്നു നടന്നു.പിറ്റേന്ന് നേരം വെളുത്തു.കുണുക്കിട്ട കുളക്കോഴി വളരെ പാടുപെട്ട് അത്തിമരക്കൊമ്പിൽ കൂടുകൂട്ടി.രാത്രിയായി.തങ്കുകാക്ക വളരെ വൈകിയാണ് വന്നത്.കുണുക്കിട്ട കുളക്കോഴി.



കുഞ്ഞുങ്ങളെ താരാട്ടുപാടിയുറക്കുകയായിരുന്നു.തങ്കു ഉറക്കെ വിളിച്ചു.അവൾ വാതിൽ തുറന്നു.ദേഷ്യം പിടിച്ച രീതിയിൽ കുളക്കോഴിപറഞ്ഞു.ഇന്നുകൂടിവേണമെങ്കിൽ തങ്കുവിനിവിടെ കിടക്കാം.തങ്കു ഒന്നും പറയാതെ അന്നവിടെ കഴിഞ്ഞുകൂടി.പിറ്റേന്നവൾ രാവിലെ എഴുന്നേറ്റു.പൊൻവാഴയുടെ അടുത്ത് ചെന്നു അവൾ ചോദിച്ചു.'പൊൻവാഴെ പൊൻവാഴെ എനിക്കിത്തിരി നാരു തരുമോ?'അവൾ ചോദിച്ചു.പൊൻവാഴ തങ്കുവിന് പൊൻനാര് കൊടുത്തു.പൊൻനാരുമായി അവൾ തേൻ മാവിൻെറ അടുത്തെത്തി.തേൻമാവേ ഞാനിതിലൊരു കൂടുകൂട്ടിക്കോട്ടെ?തേൻമാവ്പറഞ്ഞുമടിപിടിച്ചിരുന്നാൽ പറ്റില്ല വേഗം പണിചെയ്യണം എന്നാൽ കൂടു കൂട്ടി കൊള്ളൂ.തങ്കുവിന് ആ സംസാരം പിടിച്ചില്ല.അവൾ കുണുക്കിട്ട കുളക്കോഴിയുടെ കൂട്ടിനപ്പുറം നല്ല കൂടുകൂട്ടി.
അവർ നല്ല അയൽക്കാരായി.കുളക്കോഴി പറഞ്ഞു ഞാൻ പറഞ്ഞില്ലെങ്കിൽ നീ നല്ലകൂടുകൂട്ടുമായിരുന്നോ?
തങ്കു കാക്ക അവളുടെ കവിളിൽ ഉമ്മവെച്ച് അഭിമാനത്തോടെ സ്വന്തം കൂട്ടിലേക്ക് മടങ്ങി.

[ഷെഹിൻ.കെ]

# മാന്ത്രികകണ്ണാടി

ഒരിടത്ത് ഒരു മാനോഹരമായ ഗ്രാമമുണ്ടായിരുന്നു. അവിടെ രാജുവും മീരയും ഉണ്ടായിരുന്നു.അവർ രണ്ടു പേരും സഹോദരങ്ങളാണെങ്കിലും നല്ലൊരു സുഹൃത്തുക്കളെ പോലെയാണ് കഴിഞ്ഞത്.

ഒരു ദിവസ്സം അതായത് പരീക്ഷക്കഴിഞ്ഞ് സ്കൂൾ അടയ്ക്കുന്ന അന്ന് . അവരിക്ക് പോകുവാനുളളപോ വുകാനുള്ള സഥലങ്ങൾ ആലോജിച്ചിരിക്കുകയായിരുന്നു. അവർ കുറെ സ്ഥലങ്ങൾ ആലോജിച്ചു. എന്നാൻ അവർക്ക് പോകാൻ ആയില്ല. അതിനാൽ തൊട്ടടുത്തുള്ള ഒരു പൂന്തോട്ടത്തിൽ പോവാൻ തീരുമാനിച്ചു. അങ്ങനെ അവർ കളിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അവർക്ക് ഒരു പെട്ടി കിട്ടി. അവർ അത് ആകാംഷയോടെ അത് തുറന്നുന്നോക്കിയപ്പോൾ കണ്ടത് ഒരു കണ്ണടയും ഒരു കടലാസുമായിരുന്നു. ആ കാടലാസ്സിൽ പറഞ്ഞത് ഇത് ഒരു മാന്ത്രികകണ്ണാടി ആണെന്നും ഇത് ദരിച്ച് ഒരു ആഗ്രഹം പറഞ്ഞാൽ അത്  സാധിക്കുമെന്നും പറഞ്ഞു. രാജു അത് പരീക്ഷിച്ചുനോക്കിയപ്പോൾ അത് സത്യമായിരുന്നു. അവരിക്ക് അതുകിട്ടിയപ്പോൾ  സന്തോഷമായി. അവർ അത് നല്ലകാര്യത്തിനുവേണ്ടി മാത്രം ഉപയോഗിച്ചു. പലർക്കും ഭക്ഷണം കൊടുക്കുകയും ചെയ്തു.

ഒരു ദിവസം ഇവൾ സ്കൂളിൽ
വികൃതി ആയ കുട്ടി കാർഥിക്കിന്
കണ്ണാടി
അത് മോഷ്ടിക്കാൻ
മോഷ്ടിച്ചതിന് ശേഷം
"എനിക്കൊരു ഐസ്ക്രീം
പറഞ്ഞതോടെ ഐസ്ക്രീം
തുടങ്ങി. അത് നിർത്തുന്നില്ല.
കണ്ണാടി മീരക്ക് നൽകി.
അവസാനിച്ചു. കാർത്തിക്കിനെ
അവൻ നല്ലൊരു പാഠം പഠിച്ചു.



പോയപ്പോൾ അവിടത്തെ ഒരു
രാജുവിൻ്റെ കയ്യിലുള്ള
വേണമായിരുന്നു.കാർത്തിക്ക്
തീരുമാനിച്ചു. അതു
കാർത്തിക്ക് പറഞ്ഞു
വേണം." പക്ഷേ അത്
കാർത്തിക്കിനെ ആക്രമിക്കാൻ
കാർത്തിക്ക് വേദന കൊണ്ട്
അതോടെ എല്ലാം
അവൻ്റെ തെറ്റു മനസ്സിലായി.

കൂട്ടുകാരെ,

"ഒരാളുടെ സാധനം മോഷ്ടിച്ച അത് നിങ്ങളെ വലിയ ആപത്തിൽ ചെന്ന് ചാടിക്കും."

---------------------------

# മാന്ത്രികമരം

ഒരിടത്ത് ഒരു മാനോഹരമായ ഗ്രാമമുണ്ടായിരുന്നു. അവിടെ രാജുവും മീരയും ഉണ്ടായിരുന്നു.അവർ രണ്ടു പേരും സഹോദരങ്ങളാണെങ്കിലും നല്ലൊരു സുഹൃത്തുക്കളെ പോലെയാണ് കഴിഞ്ഞത്.

ഒരു ദിവസ്സം അതായത് പരീക്ഷക്കഴിഞ്ഞ് സ്കൂൾ അടയ്ക്കുന്ന അന്ന് . അവരിക്ക്
പോകുവാനുള്ളപോ വുകാനുള്ള സ്ഥലങ്ങൾ ആലോജിച്ചിരിക്കുകയായിരുന്നു. അവർ കുറെ
സ്ഥലങ്ങ ൾ ആലോജിച്ചു. എന്നാൻ അവർക്ക് പോകാൻ ആയില്ല.
അതി നാൽ തൊട്ടടുത്തുള്ള ഒരു പൂന്തോട്ടത്തിൽ പോവാൻ
തീ രുമാനിച്ചു. അങ്ങനെ അവർ
കളിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അവർക്ക്
ഒരു പെട്ടി കിട്ടി. അവർ അത്
ആകാംഷയോടെ അത്
തുറന്നുന്നോക്കിയപ്പോൾ കണ്ടത് ഒരു
കണ്ണാടയും ഒരു കടലാസുമായിരുന്നു. ആ
കാടലാസ്സിൽ പറഞ്ഞത് ഇത് ഒരു
മാന്ത്രികകണ്ണാടി ആണെന്നും ഇത് ദരിച്ച്
ഒരു ആഗ്രഹം പറഞ്ഞാൽ അത്
സ ാധിക്കുമെന്നും പറഞ്ഞു. രാജു അത്
പരീ ക്ഷിച്ചുനോക്കിയപ്പോൾ അത് സത്യമായിരുന്നു.
അവരിക്ക ` അതുകിട്ടിയപ്പോൾ സന്തോഷമായി. അവർ അത്
നല്ലകാര്യത്തിനുവേണ്ടി മാത്രം ഉപയോഗിച്ചു. പലർക്കും ഭക്ഷണം കൊടുക്കുകയും ചെയ്തു.



ഒരു ദിവസം ഇവൾ സ്കൂളിൽ പോയപ്പോൾ അവിടത്തെ ഒരു വികൃതി ആയ കുട്ടി കാർഥിക്കിന് രാജുവിൻ്റെ കയ്യിലുള്ള കണ്ണാടി വേണമായിരുന്നു.കാർത്തിക്ക് അത് മോഷ്ടിക്കാൻ തീരുമാനിച്ചു. അതു മോഷ്ടിച്ചതിന് ശേഷം കാർത്തിക്ക് പറഞ്ഞു "എനിക്കൊരു ഐസ്ക്രീം വേണം." പക്ഷേ അത് പറഞ്ഞതോടെ ഐസ്ക്രീം കാർത്തിക്കിനെ ആക്രമിക്കാൻ തുടങ്ങി. അത് നിർത്തുന്നില്ല. കാർത്തിക്ക് വേദന കൊണ്ട് കണ്ണാടി മീരക്ക് നൽകി. അതോടെ എല്ലാം അവസാനിച്ചു. കാർത്തിക്കിനെ അവൻറെ തെറ്റു മനസ്സിലായി. അവൻ നല്ലൊരു പാഠം പഠിച്ചു.

കൂട്ടുകാരെ,

"ഒരാളുടെ സാധനം മോഷ്ടിച്ച അത് നിങ്ങളെ വലിയ ആപത്തിൽ ചെന്ന് ചാടിക്കും."

---------------------------

# കാടോടൊപ്പം

ഞങ്ങൾ എട്ടു മണിയോടെ കണ്ണവം റെയ്ഞ്ച്
ഓഫീസിലെത്തി ശശിധരൻ സാറും രാജീവ് സാറും ക്ലാസ് എടുട്ത്തു.ക്ലാസിൽ നമ്മൾ
ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചാണ്ക്ലാസിൽ
പറഞ്ഞത്.മുമ്പുണ്ടായ സാറിൻെറ അനുഭവവും പറഞ്ഞു.അവിടെ നിന്ന് ബസ്സിൽ കയറി
മറ്റൊരു സ്ഥലത്തെത്തി.അവിടെ ഒരു AC ഫീലായിരുന്നു.എല്ലാവരും റോഡിൻെറ
സൈഡിലായി ഇരുന്നു.സാർ പറയുന്നതിൽ ശ്രദ്ധിച്ചു.സ്വന്തമായി വാഹനമുണ്ടാക്കുന്ന
വയൽകോതി കത്രികയായിരുന്നു ആദ്യകക്ഷി.
അതിൻെറ  ജീവിത രീതിയെ കുറിച്ച് പറഞ്ഞു.ഇടയ്ക്ക് ഞാൻ പുറകിലെ മരത്തിൽ
എന്തോചലിക്കുന്നത്കണ്ട്നോക്കി.കുരങ്ങൻ കളിക്കുന്നതാണ്.പിന്നെ കാട്ടിലെ ഓരോ
സസ്യത്തിനും വ്യത്യസ്തയിനം പേരുകളാണ്.
ചെറിയചെടികൾ SEEDS എന്നും വൻ മരങ്ങൾ TREES എന്നും SEEDLINGS എന്നും
അറിയപ്പെടുന്നു.വയൽകോതി കത്രികയുടെ ചിത്രം ശശിധരൻ സാറിൻെറ
ഫോണിൽ കാണിച്ചു തന്നു.മറ്റ് പക്ഷികളിൽ
നിന്ന് ഏറെ വ്യത്യസ്തമാണ് അതിൻെറ ജീവിതം. പിന്നെ ഞങ്ങൾ അൽപ നേരം കണ്ണ് പൂട്ടി
ഇരുന്നു ശബ്ദങ്ങൾ ഒന്നും ഉണ്ടാകാതെ ഒരു പുഴ അടുത്ത് എവിടെയോ ഉണ്ടെന്ന്
മനസ്സിലായി.പിറകിലെ റോഡിലൂടെ
വാഹനം പോകുന്ന ശബ്ദം കേൾക്കാം.അടുത്ത്
ഒരു പുഴയുണ്ട് അതാണ് അഞ്ചരക്കണ്ടി പുഴ.വെള്ളാരങ്കല്ലുകൾ വലുതും ചെറുതുമായ പാറകൾ
നിറഞ്ഞ പുഴ.അഞ്ചരക്കണ്ടി പുഴ ഒരുതരത്തിൽ അപകടകരവുമാണ്.ഞങ്ങൾ അതിലേക്ക്
ഇറങ്ങി.നല്ല തണുപ്പുണ്ടായിരുന്നു
അത്യാവിശ്യത്തിന് നല്ല ഒഴുക്കും.കണ്ണവം എന്ന കാട് ഒരു കാട് മാത്രമല്ല.അതിൻെറ
ചരിത്രകാല കഥകളും പറഞ്ഞു തന്നു സാർ.
പണ്ട് അവിടെ നമ്പൂതിരികളുടെ ഭവനങ്ങളായിരുന്നത്രെ എന്നിട്ട് പിൻകാലത്തെ പല
രോഗങ്ങളും കാരണം അവർ ആ സ്ഥലം ഉപേക്ഷിക്കുകയായിരുന്നു.
ഞങ്ങൾ ഇരിക്കുന്നതിൻെറ മുകളിലോട്ടായി ഒരു ശിവക്ഷേത്രമുണ്ട്.അതിൻെറ അകത്ത്
കയറാതെ ചുറ്റുമുള്ള മരങ്ങളും ആ ക്ഷേത്രം പണിത രീതി നോക്കി.ഒരാഡംബരവും ഇല്ലാതെ
മരവും ഓടും ഉപയോഗിച്ച് നട പോലും ഇല്ലാത്ത ഒരു ക്ഷേത്രം.നല്ല കയ്പ്പുള്ള
കാഞ്ഞിരമുണ്ട് അവിടെ. അവിടെ നിന്ന് പോയത് ചെറിയ അരുവിയുടെ
അടുത്തേക്കായിരുന്നു.അവിടെ നിന്നും കാട്ടിനുള്ളിലേക്ക്.മനോഹരമായ കാഴ്ചയായിരുന്നു
അത്.അവിടെ എത്തിയപ്പോൾ തമ്മിൽ വഴക്കിടുന്ന പോലെയുള്ള ശബ്ദമാണ് വെള്ളത്തിൽ
കേട്ടത്.
ഈ വെള്ളത്തിൽ നോക്കിയാൽ അടി കാണാം പക്ഷെ നമ്മുടെ പുഴയോ.അവിടെ പുഴ
മലിനമാക്കാൻ ഒരാളും വരുന്നില്ല.നമ്മളും ഇത്
പോലെ സൂക്ഷിച്ചിരുന്നെങ്കിൽ അഞ്ചരക്കണ്ടി പുഴ എല്ലായിടത്തും ഒരുപോലെയായെനേ.
ഞങ്ങൾ അവിടെ വെള്ളത്തിൽ ഇറങ്ങി.തിരിച്ചു വരുമ്പോൾ കരിമരുത് എന്ന
മരത്തിനെ കാണിച്ചു തന്നു.അതിൻെറ തൊലി
മുതലയുടേത് പോലെയാണ്.പിന്നെ ചേറ് എന്ന മരം കാണിച്ചു തന്നു.അവയുടെ
സവിശേഷതകൾ പറഞ്ഞു തന്നു.വരുന്ന വഴി വിചിത്രമായ തൂക്കുപാലത്തെ കണ്ടു.തൂണുകൾക്ക്
പകരം പുഴയോട് ചേർന്നിരിക്കുന്ന മരങ്ങൾ,നടക്കാനായി മരങ്ങളുടെ കഷ്ണങ്ങൾ.ഒരു
തരത്തിലും പേടിവേണ്ട അത് വീഴുമെന്ന് പേടി വേണ്ട.സാധാരണക്കാരായ എഞ്ചിനീയറിങ്
വൈദഗ്ദ്യം.ഞങ്ങൾ പത്ത് ചോദ്യങ്ങൾ എഴുതാനായി പേനയും പേപ്പറുമായി ഇരുന്നു.സാർ
പത്ത് ചോദ്യങ്ങൾ ചോദിച്ചു.
10 ൽ 9ചോദ്യം ശരിയാക്കിയ ശ്രീയയ്ക്ക് സമ്മാനം നൽകി.കണ്ണവം റെയ്ഞ്ച് സർക്കിൾ
ഇൻസ്പക്ടർ എത്തി സാർ ആണ് സമ്മാനം നൽകിയത്.സാർ കുറച്ച് സംസാരിച്ചു.ഞങ്ങൾ
തിരിച്ച് പോകാനൊരുങ്ങി.

ഇതിൽ പങ്കെടുപ്പിച്ച നിഷടീച്ചർക്കും ക്ലാസ് എടുത്ത ശശിധരൻ സാറിനും ഈ
ക്യാമ്പ് സംഘടിപ്പിച്ച രാജീവ് സാറിനും എൻെറ നന്ദി......

[ASHITHA.P.K]

# അവളുടെ കഥ

ZAYANA ASHROF
9st
G.V.H.S.S

ഈ കഥ തുടങ്ങുന്നത് ബുധനാഴ്ച്ച രാത്രിയായിരുന്നു, രാത്രി എട്ടര മണി..." ലെച്ചു വാ കഴിക്ക് " അമ്മവിളിക്കുന്നു... ലെച്ചു അവളുടെ കഥാ പുസ്തകം അവിടെ വച്ചിട്ട് പോയി അമ്മയോട് പറഞ്ഞു" മമ്മി എട്ടരയെ ആയിട്ടുള്ളു. ഞാൻ കുറച്ച കഴിഞ്ഞിട്ട് കഴിക്കാം. അതും പറഞ്ഞ് അവൾ വാതിൽ അടച്ചു അവളുടെ അമ്മ അവളെ കുറെ വിളിച്ചെങ്കിലും അവൾ ഭക്ഷണത്തിനെത്തിയില്ല. അവൾ അവളുടെ പുസ്തകമെടുത്ത് വായിക്കാൻ തുടങ്ങി. രാത്രി 12.00 മണി കഴിഞ്ഞതിനു ശേഷം അവളുടെ അച്ഛൻ വന്നു. മദ്യപിച്ചായിരുന്നു അയാൾ കയറി വന്നത്. അവളുടെ അമ്മ ഉറങ്ങിയിരുന്നില്ല. അയാൾ അവളുടെ അമ്മയെ കുറേ ചീത്ത പറയുകയും അടിക്കുകയും ചെയ്തു. ലെച്ചു അവളുടെ രണ്ട് ചെവിയും പൊത്തിയിൽ വന്നു. അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. അവളുടെ അച്ഛന്റെ അടുത്ത വരവ് അവളുടെ റൂമിലേക്കാണെന്നറിഞ്ഞ് അവൾ അവളുടെ ഷെൽഫിൽ കയറിയിരുന്നു അച്ഛൻ മദ്യത്തിന്റെ ലഹരിയിലായക്കിനാൽ അയാൾ ര്രൂമിൽ നിന്ന് അവളെ കാണാത്തതിനാൽ തിരിച്ചു പോയി ലച്ചു എന്ന ലെയിൽ ഒരു 17 വയസ്സുകാരിയായിരുന്നു. അവളുടെ അച്ഛനും അമ്മയും ഗൾഫിലായിരുന്നു. അവളുടെ അച്ഛൻ ഒരു നല്ല മനുഷ്യൻ ആയിരുന്നു. പക്ഷെ ഈ അടുത്തായി അയാൾ ഒരു കുടിയനായി മാറി. എല്ലാ ദിവസവും അയാൾ അങ്ങനെ ആയിരുന്നു.അവളുടെ അമ്മ ഒരു സാധാരണ സ്ത്രീ ആയിരുന്നു. അവൾക്ക് അവരെ ഇഷ്ടമല്ലായിരുന്നു. അവൾക്ക് പുസ്തകങ്ങൾ വായിക്കാൻ ഇഷ്ടമായിരുന്നു. അവൾ സ്വന്തമായി ചെറിയ കഥകളൊക്കെ എഴുതുമായിരുന്നു. പക്ഷേ അവളുടെ കഥകൾ .....

ദിവസങ്ങൾ കടക്കുന്തോറും അച്ഛന്റെ മദ്യപാനം കൂടിയതേയുള്ളു അങ്ങനെ അമ്മ ഹോസ്പ്പിറ്റലിലായി അച്ഛൻ കുടിയൻ ആയതിനാൽ അവരുടെ പണം അയാൾ കുടിച്ചു തീർക്കുമെന്ന് അവസ്ഥയിൽ അമ്മ അയാളോട് ദേഷ്യപ്പെട്ടു. തുടർന്ന് അച്ഛന്റെ അടിയേറ്റാണ് അമ്മ ഹോസ്പ്പിറ്റലിലായത്. എല്ലാം മനസ്സിലാക്കിയ ലച്ചൂസ് ഒരു ദിവസം അച്ഛൻ റൂമിൽ വന്നപ്പോൾ ഒരു വലിയ വെയ്സ് എടുത്ത് അച്ഛന്റെ തലക്കടിച്ചു. ചോരയൊലിച്ച് അച്ഛന്റെ ബോധം നഷ്ടപ്പെട്ടു അവൾ അയാളുടെ പോക്കറ്റിൽ നിന്ന് പൈസയുമെടുത്ത് അവളുടെ നേരത്തെ എടുത്തു വെച്ച പെട്ടിയുമായി അവൾ ആ വീട് വിട്ടു. പക്ഷേ അവൾ ഒരു കാര്യം മറന്നു.

അവൾ പുറത്തിറങ്ങൽ വളരെ കുറവായിരുന്നു സ്ക്കൂളിൽ പോയി തിരിച്ചുവരുന്നു. അവൾക്ക് ചങ്ങാതിമാർ ഒന്നും ഉണ്ടായിരുന്നില്ല. അവൾ ഒരു സാധാരണ രീതിയിൽ പഠിക്കുന്ന ഒരു കുട്ടിയായിരുന്നു. അവളെ ഒരിക്കലും പുറത്തുവിടില്ലായിരുന്നു അവൾ ആദ്യമായി തനിച്ച് യാത്ര ചെയ്യാൻ തുടങ്ങി. അവൾ ഒരു ബസ്സിൽ കയറി റെയിൽവേ സ്റ്റേഷനിൽ എത്തി അവൾ ആഹ്യമായാണ് ട്രെയിനിൽ പോകുന്നത് അവൾ ആദ്യമായി വളരെ സന്തോഷത്തോടെ ട്രെയിനിൽ യാത്ര ചെയ്തു അവൾ ആദ്യമായി ചിരിച്ചു അവൾ അവളുടെ അമ്മൂമ്മയുടെ അടുക്കൽ ആണ് പോയത്.

അവൾക്ക് അത്ര പരിചയമില്ലാത്ത ഒരു വീടും സ്ഥലവും ആയിരുന്നു അത് അമ്മൂമ്മ അവളെ സ്വീകരിക്കുകയും കെട്ടിപ്പിടിക്കുകയും ചെയ്തു അവൾ ചെറുങ്ങനെ ഞെട്ടി. അവൾ ചോദിച്ചു അമ്മൂമ്മയ്ക്ക് എന്നെ ഇത്രയും വേഗം മനസ്സിലായോ. അവളോട് അമ്മൂമ്മ ചോദിച്ചു മോളെ നീ എന്താ ഒറ്റയ്ക്കാണോ അമ്മയും അച്ഛനും എവിടെ? അവർ ഇല്ല അമ്മൂമ്മേഉള്ളു...
ഞാൻ മാത്രമേയുള്ളു മോൾ ഇത്ര ദൂരം ഒറ്റയ്ക്ക് വന്നോ..... ഞാൻ ഇവിടെ കുറച്ചുകാലം നിൽക്കാൻ വന്നതാണ് അമ്മൂമ്മ അവളുടെ അമ്മൂമ്മയെ അവൾ ചെറുതായപ്പോൾ കണ്ടതാണ് അവരിൽനിന്ന് അവൾക്ക് നല്ല അനുഭവങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളു. അവർ അവൾക്ക് ഭക്ഷണം കൊടുക്കുകയും അവളെ നല്ലവണ്ണം നോക്കുകയും അവളുടെ കാര്യങ്ങൾ ചോദിക്കുകയും ചെയ്തു അവൾ പുതിയ സ്ക്കൂളിൽ ചേർന്നു അവളുടെ സ്വഭാവത്തിന് നല്ല മാറ്റം ഉണ്ടായി അവൾ അവളുടെ ചങ്ങാതിമാരുമായി ഇണങ്ങാൻ തുടങ്ങി. അവളുടെ സ്വഭാവത്തിന് നല്ല മാറ്റം ഉണ്ടായി.

അവൾ അവളുടെ ചങ്ങാതിയുടെ കൂടെ പുറത്തു പോവുകയായിരുന്നു അവളെ അമ്മൂമ്മ പുറത്തുവിടുമായിരുന്നു അവൾ അവരുടെ കൂടെ ഹോട്ടലിൽ പോയി . അവർ.പിസ്സയും മറ്റും ഓർഡർ ചെയ്തു. ചീസ് വലിച്ച ആദ്യമായി അവൾ പിസ്സ തിന്നു..... അവളും അവളുടെ കൂട്ടുകാരോടൊപ്പം ഓരോ സ്ഥലത്തും പോയിരുന്നു അമ്യൂസ്മെൻറ് പാർക്കിൽ പോയി അവർ കുറെ റൈഡുകളിൽ കയറുകയും അത് ആസ്വദിക്കുകയും ചെയ്തു. അവർ ഫിലിം കാണാൻ തിയേറ്ററിൽ പോയി. ഒരു കവറിൽ നിറയെ പോപ്കോൺ കൈയിൽ ഉണ്ടായിരുന്നു ഒരു കോമഡി ഫിലിം ആയിരുന്നു. അവർ ചിരിച്ചും രസിച്ചും ആ ദിവസം ഇങ്ങനെ ഓരോ സ്ഥലത്തു പോയി. അവർ ഇടയ്ക്കിടെ ഇങ്ങനെ പോകാറുണ്ടായിരുന്നു...

അവൾ അവളുടെ അമ്മൂമ്മയോടൊപ്പം സന്തോഷമായി ജീവിക്കുന്നു. അവൾക്ക് അവളുടെ അമ്മൂമ്മ കഥകൾ പറഞ്ഞു കൊടുക്കുമായിരുന്നു. മുടി വാരി കൊടുക്കുമായിരുന്നു .... അങ്ങനെ പലതും.... അവൾ കഥ എഴുതുമെന്ന് പറഞ്ഞിരുന്നില്ല. അവൾ ഒരു സാധാരണ ദിവസം കഥ എഴുതാനിരുന്നു. അപ്പോഴാണ് അവൾക്ക് അവളുടെ ഡയറി ഓർമ്മ വന്നത്. അവൾ അവളുടെ പെട്ടിയിൽ പരതിയെങ്കിലും അതിലില്ലായിരുന്നു. അവൾ എടുക്കാൻ മറന്നു കാണും എന്ന് വിചാരിച്ചു. പിന്നീട് അവൾ സന്തോഷത്തോടെ എപ്പോഴും ഉള്ളതുപോലെതന്നെ അവളുടെ ചങ്ങാതിമാരോടൊപ്പം പുറത്തുപോയി. അവരുടെ രസിക്കുന്നതിന് ഇടയിൽ അവർസമയം പോകുന്നത് അറിഞ്ഞില്ല അവർ ദൂരമുള്ള സ്ഥലങ്ങളിലും അവരുടെ കൂട്ടുകാരുടെ വീട്ടിലുമെല്ലാം പോയി തിരിച്ചുവരികയായിരുന്നു. അവളുടെ അച്ഛനും അമ്മയും അവളുടെ ഓർമ്മയിൽ നിന്ന് മാഞ്ഞുപോയിരുന്നു. അച്ഛന്റെ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നുള്ള അവസ്ഥ കാരണം കുടിച്ച തുടങ്ങിയതാണ്. അങ്ങനെ അത് അധികമായി. അവളുടെ അമ്മയെ അവൾക്ക് ചെറുത് മുതലെ ഇഷ്ടമല്ലായിരുന്നു. കാരണം അവർ അവളുടെ നല്ലതിനുവേണ്ടി അവളുടെ തീരുമാനങ്ങളിൽ എപ്പോഴും എതിരാണ്. അവളുടെ വീട്ടിലുള്ള പ്രശ്നങ്ങളായിരുന്നു അവൾ ഇങ്ങനെ ആവാനുള്ള കാരണം. അവൾ വിചാരിക്കുന്നത് അവർ മരിച്ചു എന്നായിരുന്നു. പക്ഷേ അന്ന് വേലക്കാരി വന്നപ്പോൾ അവളുടെ അച്ഛനെ ആശുപത്രിയിലാക്കിയിരുന്നു. അതിനുശേഷം അവരെ റിഹാബിലേഷനിൽ കൊണ്ടാക്കുകയും ചെയ്തിരുന്നു. അവളുടെ അമ്മ ഡിസ്ചാർജ് ആയിരുന്നു. അവളുടെ അച്ഛനും അമ്മയും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് റിഹാബിലേഷനിൽ നിന്ന് നോർമലായി തിരിച്ചുവന്നതിന് ശേഷമായിരുന്നു അവർ ലച്ചുവിനെ കുറിച്ച് അന്വേഷിക്കാൻ തുടങ്ങിയത്. അവർ അവളുടെ റൂമിൽ പരതിയപ്പോഴാണ് അവളുടെ ഡയറി കിട്ടിയത് അതിൽ എഴുതിയത് വായിച്ചപ്പോഴാണ് ഇത്രയും കാലം അവളുടെ ജീവിതം എങ്ങനെയാണെന്നും അവർ ഒരു നല്ല രക്ഷിതാക്കൾ അല്ല എന്നും അവർക്ക് മനസ്സിലായത്. അവർക്ക് കുറ്റബോധം തോന്നി അതിലുള്ള അവസാനത്തെ പേജ് വായിച്ചപ്പോഴാണ് അവർക്ക് മനസ്സിലായത് അവൾ അവളുടെ അമ്മൂമ്മയുടെ വീട്ടിലേക്കാണ് പോയതെന്ന് അവർ ഒന്നും മനസ്സിലാവാത്ത മനോഭാവത്തിൽ മുഖാമുഖം നോക്കിനിന്നു.

അന്ന് ചങ്ങാതിമാരോടൊപ്പം പുറത്തുപോയ ലച്ചു രാത്രിയായിരുന്നു തിരിച്ചുവന്നത്. അവൾ വഴി മാറിപ്പോയി. അവൾ ആളുകളോട് അവളുടെ വീട്ടുപേര് ചോദിച്ചപ്പോൾ കുറച്ച് അറിയില്ലായിരുന്നു .... കുറച്ചുപേർ പറഞ്ഞു അത് ആ വഴിയല്ല .... മറ്റു വഴിയാവും .... അങ്ങനെ ഒരാൾ പറഞ്ഞു അങ്ങനെ ഒരു വീട് ഇവിടെ ഇപ്പോ ഇല്ലല്ലോ .... അത് പണ്ട് ഉണ്ടായതല്ലേ .... അത് പൊളിച്ചിട്ട് കുറച്ചു കാലമായല്ലോ ..... അവൾ കൺഫ്യൂഷനിൽ അവളുടെ അമ്മൂമ്മയുടെ പേര് പറഞ്ഞിട്ട് ചോദിച്ചു. അയാൾ പറഞ്ഞു ഓ ആ അമ്മൂമ്മയുടെതാണോ അത് ഇവിടെനിന്ന് കുറച്ചങ്ങോട്ട് ആണ്. അയാൾ അവൾക്ക് വഴി പറഞ്ഞു കൊടുത്തു. നിങ്ങൾ എന്താ ഇപ്പോൾ അവിടെ പോകുന്നത്, രാത്രിയായില്ലേ .... നിങ്ങൾ പോലീസ് വല്ലതുമാണോ? ലച്ചു കൺഫ്യൂഷനിൽ ചിരിച്ചുകൊണ്ട് ചോദിച്ചു പോലീസോ...? അതെന്താ അങ്ങനെ ചോദിച്ചത് ? ഈ അടുത്തായി കുറച്ചു പോലീസുകാർ ആ വഴി ആ സംഭവം വീണ്ടും അന്വേഷിക്കാൻ പോകുന്നുണ്ടായിരുന്നു.

# അടിമയുടെ ലോകം

കൽക്കട്ടനഗരത്തിലെ ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ചുവളർന്ന ആളായിരുന്നു ദേവരാജ്. ചെറുപ്രായത്തിൽതന്നെ ജോലികാര്യങ്ങളിൽ ഏർപ്പെട്ട അയാൾ വലിയൊരു പണക്കാരനായി. അധികം വൈകാതെതന്നെ അയാൾ ഇന്ത്യയിലെ ഏറ്റവും വലിയ പണക്കാരിലൊരാളായി മാറി. കോടികളുടെ ബിസിനസ്സുകൾ, എണ്ണമറ്റ തീയേറ്ററുകൾ, രണ്ടുരാജ്യങ്ങളിലായി മണിമാളികകൾ എന്നിങ്ങനെ പരന്നുകിടന്നിരുന്നു അയാളുടെ സമ്പത്ത്. വേണ്ടുവോളം സമ്പാദിച്ചു എന്ന് തോന്നിയപ്പോൾ അതിസുന്ദരിയായ ഒരു സ്ത്രീയെ അയാൾ തന്റെ ജീവിതസഖിയാക്കി. അവർക്ക് രണ്ട് ആൺകുട്ടികളുണ്ടായി. രണ്ടാമത്തെ കു--ിനെ പ്രസവിക്കുമ്പോൾ തന്നെ ദേവരാജിന്റെ ഭാര്യ മരിച്ചിരുന്നു. പിന്നീടങ്ങോട്ട് ദേവരാജിന്റെ ജീവിതം മക്കളോടൊപ്പമായിരുന്നു. അയാൾ തന്റെ മക്കളെ ജീവനുതുല്യം സ്നേഹിച്ചിരുന്നു. മക്കൾ എന്തു ചോദിച്ചാലും എത്ര വിലപിടിപ്പുള്ള വസ്തുക്കൾ ആവശ്യപ്പെട്ടാലും അയാൾ അവർക്കായത് നേടിക്കൊടുക്കുമായിരുന്നു.

ദേവരാജിന്റെ മക്കൾ വളർന്നുകൊണ്ടിരുന്നു – കൂടെ അവരുടെ ആവശ്യങ്ങളും. അവരുടെ സ്കൂൾ–കോളേജ് കാലഘട്ടം കഴി--പ്പോൾ ദേവരാജ് തന്റെ ബിസിനസ്സും ആസ്ഥികളും രണ്ടുമക്കൾക്കുമായി വീതിച്ചുനൽകി. അയാൾ മക്കളിൽ അർപ്പിച്ച വിശ്വാസത്തിന്റെ പ്രതിഫലമായി അവർ കുറച്ചുകാലം നന്നായിതന്നെ ബിസിനസ്സ് നോക്കിനടത്തി. പക്ഷെ, പിന്നീടവർ തങ്ങളുടെ സമ്പത്തിൽ അഹങ്കരിക്കാൻ തുടങ്ങി. പതിയെ പതിയെ അവർ ലഹരിക്കും മദ്യത്തിനും അടിമകളായി. പലരും അവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും സാധ്യമായില്ല. അങ്ങനെ ജോലിയിലെ അശ്രദ്ധ മൂലം അവരുടെ ഓരോ സ്ഥാപനങ്ങളും നശിക്കാനാരംഭിച്ചു. മെല്ലെ മെല്ലെ അവരുടെ ബിസിനസ്സ് ആസ്ഥാനങ്ങൾ മാഫിയാകേന്ദ്രങ്ങളായി മാറി. അങ്ങനെ ദേവരാജിന്റെ പേരും പ്രശസ്തിയും സാമ്രാജ്യവുമെല്ലാം നിലംപതിച്ചു. അയാളുടെ മക്കൾ പൂർണ്ണമായും ഭ്രാന്തന്മാരെപ്പോലായി മാറി.

ജീവിതത്തിൽ പുതുമകൾ അവരെ മോഹിപ്പിച്ചപ്പോൾ അവർ സ്വയം മരണത്തിലേക്കടുക്കുകയായിരുന്നു. സ്വത്തും സമ്പത്തും സ്വയം ഇല്ലാതാക്കിയ അവർക്ക് ആഡംബരജീവിതത്തെ മറക്കേണ്ടിവന്നു. ഒടുക്കം അവർ തെരുവിലേക്കിറങ്ങി. ദരിദ്ര്യരായിമാറിയ അവരോടുള്ള ബന്ധങ്ങൾ ആളുകൾ ഉപേക്ഷിച്ചു. ഒരു നേരത്തെ ഭക്ഷണത്തിനായി ഇരക്കുന്നവരോടൊപ്പം അവരും പലയിടങ്ങളിലായി അല--ുകൊണ്ടിരുന്നു. അവരുടെ മരിച്ചുപോയ അച്ഛനെയോർത്ത് സഹതപിക്കുന്നവർ അപ്പോൾ പറയുമായിരുന്നു 'ചിലർ സ്വയം നശിക്കും' എന്ന്.

....––––––––––––––––––––––––––––––....

# സൗഹൃദം

കഴിഞ്ഞ ജന്മത്തിൻ പുണ്യമീ
കൈകോർത്തു നടക്കുമീ
സുഹൃത്ത്...
എന്തു നിൻ പ്രശ്നം
എനിക്കായി
വഴക്കിടുന്നു ഇന്നെനിക്ക് വേണ്ടി...
കൈയിടുന്നു ഇന്നവളുടെ
ചോറ്റുപാത്റത്തിൽ....
എഴുതുന്നു അവൻെറ നോട്ടു ബുക്കുകൾ...
മാറ്റുന്നു പരപരം പേനകൾ നമ്മൾ...



അഥീയ കെ പി
10 C

# മഴയതി സാഗര പ്രണയം

കണ്ണീരായി പെയ്യുന്ന  മഴയെ നോക്കി
പുഴയവിടെ കാത്തിരിക്കുമ്പോൾ
പുഴയെ  നോക്കി,
ഞാനാ മഴയിൽ നനന്നഞ്ഞുകതിർന്നു
മഴയെ നീ വരുമ്പോൾ നിന്നമ്മയായ
പ്രകൃതി ആനന്ദിച്ചീടുന്നു.
പക്ഷേ മക്കളെല്ലാം
അമ്മയെ വേദനിപ്പിക്കുന്നു.
പുഴയെ നശിപ്പിക്കുമ്പോൾ
അവർ ഓർക്കുന്നില്ല
ഹേ മനുഷ്യാ.....
പുഴയെ നശിപ്പിക്കുമ്പോൾ
ഒന്നോർക്കുക നീ
മഴയെന്ന
കാമുകൻഅവർക്കുണ്ടായിരുന്നുവെന്ന്

ആതിര
9A



# രണ്ടു പക്ഷികൾ

ഒരിടത്ത് ഒരിടത്ത് ഒരു വനത്തിൽ മരച്ചുവട്ടിന്റെ ചില്ലകളിൽ കൂട്ടുകൂട്ടി രണ്ടു പക്ഷികൾ താമസിച്ചിരുന്നു, അവർ രണ്ടുപേരു വളരെയധികം സ്നേഹമുള്ള കൂട്ടുകാർ ആയിരുന്നു. രണ്ടുപേരും വളരെ സന്തോഷത്തോടെ കഴിയുന്നതു കണ്ട് ആ വനത്തിലെ മറ്റു മൃഗങ്ങൾക്കും പക്ഷികൾക്കും അസൂയ തോന്നാറുണ്ട്. അവരുടെ മനസ്സിൽ ആ രണ്ടു പക്ഷികളോട് ഇഷ്ടമുണ്ടായിരുന്നു.



ആ രണ്ടുപേരും മറ്റുള്ളവർക്ക് എന്തെങ്കിലും സങ്കടമുണ്ടെങ്കിൽ അതൊക്കെ തരണം ചെയ്ത് അവരെ സമാധാനിപ്പിക്കും. പക്ഷെ അവർ രണ്ടുപേർക്കു സങ്കടം വന്നാൽ അവരത് ദൈവത്തോടു പറഞ്ഞ് രണ്ടപേരും കെട്ടിപ്പിടിച്ച് കരഞ്ഞുതീർക്കും. അങ്ങനെ എപ്പോഴും എല്ലാ സങ്കടങ്ങളും സന്തോഷങ്ങൾ ഒരുമിച്ച് അസ്വദിച്ചാണ് അവർ രണ്ടുപേരും ജീവിതം കഴിച്ചുകൂട്ടിയത്. അങ്ങനെ അവരുടെ ജീവിതം എല്ലാവർക്കും ഒരു പാഠമായി തീരട്ടെ എന്തെന്നുവച്ചാൽ എപ്പോഴും നമ്മൾ എല്ലാവരെയും സ്നേഹിച്ച് അവരുടെ സങ്കടങ്ങളും സന്തോഷവും തിരിച്ചറിഞ്ഞുകൊണ്ട് ജീവിക്കണം..

ദേവ്ന അനിൽ
10 സി

നന്ദി